**പതിമൂന്നാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.805 02.12.2015-ൽ മറുപടിക്ക്**

**<u>ഡോക്ടർമാരുടെ ഒഴിവുകളിൽ നിയമനം നടത്തുന്നത്</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ബി.ഡി. ദേവസ്സി** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ചാലക്കുടി താലൂക്ക് ആശുപത്രി, കക്കാട്, വെറ്റിലപ്പാറ, പരിയാരം, കൊടകര പി.എച്ച്.സി.കൾ, എലിഞ്ഞിപ്ര സി.എച്ച്.സി. എന്നീ ആശുപത്രികളിലെ ഡോക്ടർമാരുടെ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ; | (എ) ചാലക്കുടി താലൂക്ക് ആശുപത്രിയിലെ ശിശുരോഗ വിഭാഗത്തിലെ കൺസൾട്ടന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവിൽ പ്രസ്തുത ആശുപത്രിയിൽ നിന്നും ശിശുരോഗ കൺസൾട്ടന്റായി വിരമിച്ച ഡോ.ജയ്സൺ.കെ.ജി-യെ താല്ക്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. കക്കാട്, വെറ്റിലപ്പാറ, പരിയാരം, കൊടകര, എലിഞ്ഞിപ്ര എന്നീ ആശുപത്രികളിൽ നിലവിൽ ഒഴിവുകൾ ഇല്ല. |
| (ബി) പ്രൈമറി ഹെൽത്ത് സെന്ററിൽ സ്ഥിരമായി മെഡിക്കൽ ഓഫീസർമാരുടെ സേവനം ഉറപ്പുവരുത്തുന്നതിനും, സി.എച്ച്.സി.കളിൽ നാല് വീതം സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ; | (ബി) സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ നിലവിലുള്ള മെഡിക്കൽ ആഫീസർമാരുടെ ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി-യിൽ നിന്നും നിയമന ശുപാർശ ലഭിക്കുന്ന മുറക്ക് ഒഴിവുകൾ നികത്തിവരികയാണ്. എല്ലാ സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ തസ്തിക അനുവദിച്ചിട്ടില്ല അധിക തസ്തിക സൃഷ്ടിക്കുന്നത് സർക്കാരിന് അധിക |

സാമ്പത്തിക ബാധ്യതയുണ്ടാക്കുമെന്നതിനാൽ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ 4 വീതം സ്പെഷ്യലിസ്റ്റുകളുടെ സേവനം ഇന്നത്തെ സാഹചര്യത്തിൽ ഉറപ്പുവരുത്താനാകില്ല.

(സി) എൻ.ആർ.എച്ച്.എം. ഫണ്ട് വിവിധ സർക്കാർ ആശുപത്രികൾക്ക് അനുവദിക്കുന്നതിൽ കുറവ് വരുത്തിയിട്ടുണ്ടോ; വെട്ടിക്കുറച്ച എൻ.ആർ.എച്ച്.എം. ഫണ്ട് പുന:സ്ഥാപിക്കുന്നതിനും അടിയന്തിരമായി ഫണ്ട് ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(സി) സർക്കാർ ആശുപത്രികൾക്ക് അനുവദിക്കുന്ന ഉപാധിരഹിത / വാർഷിക മെയിന്റനൻസ് / ആശുപത്രി വികസന സമിതി ഫണ്ടുകൾ, കേന്ദ്ര സർക്കാരിൽ നിന്ന് അനുവദിച്ച ഫണ്ടിന്റെ അപര്യാപ്തത കാരണം ഈ വർഷം നൽകിയിട്ടില്ല. കൂടുതൽ ഫണ്ട് ലഭിക്കുന്നതിനുള്ള അപേക്ഷ കേന്ദ്ര ആരോഗ്യമന്ത്രാലയത്തിലേക്ക് അയച്ചിട്ടുണ്ട്. കേന്ദ്രത്തിൽ നിന്ന് ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ആശുപത്രികൾക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ